IV. സബ്മിഷൻ

(1) മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർക്ക് ഉത്സവബത്ത അനുവദിക്കുന്നതു സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കേരളത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഏതാണ്ട് എഴുപതിനായിരത്തോളം മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർ ജോലി നോക്കുന്നുണ്ട്. സർക്കാർ കണക്ക് പ്രകാരം 40,000 എന്നാണ് പറയുന്നത്. 2004 ഡിസംബർ മാസത്തിൽ സർക്കാർ 7594 പേർക്ക് 200 രൂപ വീതം ഉത്സവബത്ത നൽകാൻ തീരുമാനിച്ചു. എന്നാൽ വർഷങ്ങളായി ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വോളണ്ടിയർമാരെ ഒഴിവാക്കി നാളിതുവരെ ആരോഗ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ എം.എസ്.എസ്സിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ ചെയ്തിട്ടില്ലാത്തവരെ ഉൾപ്പെടുത്തിയാണ് ഉത്സവബത്ത പ്രഖ്യാപിച്ചിരിക്കുന്നത്. അർഹരായ ബഹുഭൂരിപക്ഷം മഹിളാ സ്വസ്ത് സംഘ് പ്രവർത്തകരെ ഒഴിവാക്കിക്കൊണ്ടാണ് സർക്കാർ തീരുമാനമെടുത്തത് എന്നതു സംബന്ധിച്ച് കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ സബ്മിഷൻ ഉന്നയിച്ചപ്പോൾ 30,000-ൽ അധികം വരുന്ന എം.എസ്.എസ്. പ്രവർത്തകർക്കും ഉത്സവബത്ത നൽകുന്ന കാര്യം പരിഗണിക്കുമെന്നാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞത്. എന്നാൽ സഭയ്ക്ക് കൊടുത്ത ഉറപ്പ് പാലിക്കാതെ വീണ്ടും അതേ 7594 പേർക്ക് ഉത്സവബത്ത നൽകാൻ തീരുമാനിച്ചതായി അറിയുന്നു. ഈ നടപടി പതിനായിരക്കണക്കിന് വരുന്ന മഹിളാ സ്വസ്ത് സംഘ് പ്രവർത്തകരോട് കാണിക്കുന്ന അനീതിയാണ്. യാതൊരു വരുമാനവുമില്ലാതെ സാമൂഹ്യ സേവനം നടത്തുകയും ജീവിതത്തിന്റെ അടിത്തട്ടിൽ കഴിയുന്നതുമായ മുഴുവൻ എം.എസ്.എസ്. പ്രവർത്തകർക്കും ഉത്സവ ബത്ത നൽകാൻ സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കണം. കൂടാതെ ഉത്സവ ബത്ത 200 രൂപയെന്നുള്ളത് 500 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യവും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, 70,000-ഓളം വരുന്ന എം.എസ്.എസ്. പ്രവർത്തകർക്കും ഉത്സവബത്ത കൊടുക്കുക, ഉത്സവബത്ത 200 രൂപ എന്നുള്ളത് 500 രൂപയാക്കി വർദ്ധിപ്പിക്കുക എന്നീ രണ്ട് കാര്യങ്ങളാണ് ശ്രീമതി ഗിരിജാ സുരേന്ദ്രൻ ഉന്നയിച്ചിട്ടുള്ളത്. മഹിളാ സ്വസ്ത് സംഘത്തിന്റെ പ്രവർത്തകർക്ക് 29-12-2004-ലാണ് ഗവൺമെന്റ് ആദ്യമായി ഉത്സവബത്ത കൊടുക്കാൻ തീരുമാനമെടുത്തത്. തീരുമാനമെടുക്കുന്ന സന്ദർഭത്തിൽ 37,000-ൽ അധികം ആളുകൾ വരുമെന്നുള്ള വാദഗതി ഉണ്ടായിരുന്നു. ഗവൺമെന്റിന് കിട്ടിയ കണക്കുകളുടെ അടിസ്ഥാനത്തിൽ സ്ക്രൂട്ടിനി നടത്തിയപ്പോൾ 7594 ആളുകളുടെ പേരാണ് കിട്ടിയത്. അവശേഷിക്കുന്ന ആളുകളുണ്ട്. എന്നാലും ഒരു തുടക്കമെന്നുള്ള നിലയ്ക്ക് 7594 പേർക്ക് ആദ്യമായി 200 രൂപ വീതം ഉത്സവബത്ത കൊടുക്കാനാണ് തീരുമാനിച്ചത്. 2004-05 മുതൽ ഈ തുക വിതരണം ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അർഹതപ്പെട്ട പലർക്കും ഇത് കിട്ടിയിട്ടില്ലായെന്നു പറഞ്ഞ് 10 കേസ്സുകൾ ഹൈക്കോടതിയിൽ വരികയുണ്ടായി. ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് മറ്റ് കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ശ്രീ. പി. സി. ജോർജ്. അങ്ങേക്ക് ഒരിക്കൽ അനുവദിച്ച സബ്മിഷനാണ്. പിന്നീട് ഡെവലപ്മെന്റ് ഉണ്ടായി. അതുകൊണ്ട് ബ്രീഫ് ആയിട്ട് പറയുക.

(2) റിയാസ് എന്ന കുട്ടി യഥാസമയം ചികിത്സ കിട്ടാതെ മരണപ്പെട്ട സംഭവം

ശ്രീ. പി. സി. ജോർജ് : സർ, പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. തിരുവല്ല പുഷ്പഗിരി ആശുപത്രിയിൽനിന്നും വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസിൽ കൊണ്ടുപോയി റിയാസ് എന്ന 12 വയസ്സുള്ള കുട്ടിക്ക് കോട്ടയം മെഡിക്കൽ കോളേജിനു മുൻവശത്ത് നാലര മണിക്കൂർ കിടക്കേണ്ട ഗതികേടുണ്ടായി. ആ കുട്ടി മരിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറയുകയുണ്ടായി. സൂപ്രണ്ടിനെ മാറ്റി, സീനിയർ ഡോക്ടറെ സസ്പെൻഡ് ചെയ്തു. ഈ വാർത്തകൾ പത്രത്തിൽ വരുമ്പോൾ മെഡിക്കൽ കോളേജിലേക്ക് ഒരു ജീവൻ രക്ഷിക്കാൻ ഒരു രോഗിയെ പറഞ്ഞുവിടാൻ പറ്റുമോ എന്നുള്ള തെറ്റിദ്ധാരണ ജനങ്ങളിൽ ഉണ്ടാകുന്നു എന്നുള്ളത് വലിയ അപകടകരമായ സ്ഥിതിയാണ്. ഒരു വെന്റിലേറ്റർ എന്നുപറഞ്ഞാൽ 5 ലക്ഷം രൂപയ്ക്ക് കിട്ടുന്ന സാധനമാണ്. പ്രൈവറ്റ് ആശുപത്രിയിൽ അതിന് 6000 രൂപയാണ് ഈടാക്കുന്നത്. പുഷ്പഗിരി ആശുപത്രിയിൽ ഈ കുട്ടിയോട് 20,000 രൂപ ഫീസ് വാങ്ങിയിട്ടാണ് മെഡിക്കൽ കോളേജിലേക്ക് അയച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ സ്വാഭാവികമായും ഏറ്റവും അപകടകരമായ സ്ഥിതിയിൽ പ്രൈവറ്റ് ആശുപത്രികളിൽനിന്നും ഉപേക്ഷിക്കപ്പെട്ടാണ് മെഡിക്കൽ കോളേജുകളിൽ എത്തുന്നത് എന്ന് നാം മനസ്സിലാക്കണം. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് മാത്രമേ ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമുള്ളൂ. കോട്ടയം മെഡിക്കൽ കോളേജിൽ ഞാൻ പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് ആകെ 256 നഴ്സുമാരാണ് അവിടെയുള്ളത്. 600 നഴ്സുമാരുടെ ഒഴിവ് അവിടെയുണ്ട്. 300 ഡോക്ടർമാരുണ്ട്. ആവശ്യത്തിന് സൗകര്യങ്ങളില്ല. ഈ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാതെ മെഡിക്കൽ കോളേജിനെപ്പറ്റിയുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നത് ശരിയല്ല. പ്രൈവറ്റ് ആശുപത്രികളിലേയും മെഡിക്കൽ കോളേജുകളിലേയും ശമ്പളം തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഗവൺമെന്റ് ആശുപത്രികളിൽ ശമ്പളം കുറവാണ്. പക്ഷേ സേവനത്തിന്റെ ഒരു മാർഗ്ഗമെന്നുള്ള നിലയ്ക്ക് നമ്മുടെ ഡോക്ടർമാർ അതിനുള്ള മര്യാദ പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ ഇത്തവണ മെഡിക്കൽ കോളേജിൽ സൂപ്രണ്ട് ആയിട്ട് ഡോ. അശോകൻ വന്നു. ഇന്റർവ്യൂ നടത്തിയപ്പോൾ പ്രൊഫസർമാർ, അസോസിയേറ്റ് പ്രൊഫസർമാർ ഉൾപ്പെടെയുള്ളവരെ താഴെയാക്കി ഗവൺമെന്റ് ഇടപെട്ട് ഡോ. അശോകനെ സൂപ്രണ്ടാക്കി. അതോടുകൂടി സീനിയറായ ഡോക്ടർമാരും സൂപ്രണ്ടും തമ്മിൽ തർക്കമുണ്ടായി. ഗവൺമെന്റ് കാണിച്ച തെറ്റാണ് മെഡിക്കൽ കോളേജിൽ ഇത് ഉണ്ടാകാൻ കാരണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അങ്ങയുടെ കുഴപ്പമല്ല, അങ്ങേക്ക് മുമ്പ് ഉണ്ടായിരുന്ന മന്ത്രി ചെയ്ത മഹാപാപം. മെഡിക്കൽ കോളേജുകൾ പോലുള്ള സ്ഥാപനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly